### അബുദാബി, ദുബായ് കിരീടാവകാശികളുടെ ഇന്ത്യാ സന്ദർശനം

# ഇന്ത്യയിലേക്ക് വാണിജ്യ മേഖലയിലെ പ്രമുഖരേറെ

**അബുദാബി:** ഇന്ത്യ സന്ദർശിക്കുന്ന അബുദാബി കിരീടാവകാശി ശൈഖ് മൊഹമ്മദ് ബിൻ സായിദ് അൽ നഹ്യാനെ യു.എ.ഇ. യിലെ വാണിജ്യ വ്യാപാര രംഗത്തെ നിരവധി പ്രമുഖരും അനുഗമിക്കുന്നു.

ഇരുരാജ്യങ്ങളിലും തമ്മിലുള്ള വാണിജ്യ നിക്ഷേപ സംരംഭങ്ങളുടെ ചർച്ചകളിൽ പങ്കെടുക്കാനായാണ് വാണിജ്യരംഗത്തുള്ളവരും എത്തുന്നത്. യു.എ.ഇ. യിലെ 75 വാണിജ്യ പ്രമുഖരും ഇരുപത് ഇന്ത്യൻ വ്യവസായികളുമാണ് സംഘത്തിലുള്ളത്. വെള്ളി, ശനി ദിവസങ്ങളിലാണ് വ്യാപാര വാണിജ്യ നിക്ഷേപ സാധ്യതകളെക്കുറിച്ചുള്ള ചർച്ചകൾ മുംബൈയിൽ നടക്കുന്നത്.

ഇന്ത്യക്കാരുടെ സംഘത്തിൽ ഏതാനും മലയാളികളും ഉൾപ്പെടുന്നുണ്ട്. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി, ശോഭ ഗ്രൂപ്പ് ചെയർമാൻ പി.എൻ.സി. മേനോൻ, വി.പി.എസ് ഗ്രൂപ്പ് ചെയർമാൻ ഡോ. ശംസീർ വയലിൽ, പസഫിക് കൺട്രോൾസ് ചെയർമാൻ ദിലീപ് രാഹുലൻ, ജെംസ് ഗ്രൂപ്പ് ചെയർമാൻ സണ്ണി വർക്കി എന്നിവരാണ് സംഘത്തിലെ മലയാളികൾ. യു.എ.ഇ. യിലെ പ്രമുഖ ഇന്ത്യൻ വ്യവസായികളായ ഡോ. രാം ബുക്സാനി, യു.എ.ഇ. എക്സ്ചേഞ്ച് ചെയർമാൻ ഡോ.ബി.ആർ. ഷെട്ടി, നികായ് ചെയർമാൻ പരസ് ഷഹാദ്പുരി, ലാൻഡ് മാർക്ക് ചെയർമാൻ മിക്കി ജഗ്തിയാനി, ജഷൻമാൾ ഗ്രൂപ്പ് ചെയർമാൻ മോഹൻ ജഷൻമാൾ എന്നിവരും ഉൾപ്പെടുന്നു.

എമിറേറ്റ്സ് എയർലൈൻസ് വൈസ് ചെയർമാൻ അഹ് മദ് ഖൂരി, ഷാർജ ചേമ്പർ ചെയർമാൻ അബ്ദുള്ള സുൽത്താൻ അൽ ഒവൈസ്, ഇത്തിസലാത്ത് ഡയറക്ടർ ബോർഡ് ചെയർമാൻ അഹ് മദ് ജുൽഫാർ, ഇത്തിഹാദ് എയർവെയ്സ് വൈസ് പ്രസിഡൻറ് ഹമദ് അൽ ഷംസി, ദുബായ് ഇൻറർനാഷനൽ ഫിനാൻഷ്യൽ സെൻറർ ഗവർണർ ഇസ്സാ അബ്ദുൾ ഫത്ത കാസിം, ടീകോം ബിസിനസ്സ് പാർക്ക്സ് മാലീക്ക് സുൽത്താൻ അൽ മാലിക്, ഇമാർ ചെയർമാൻ മൊഹമ്മദ് അൽഅബ്ബാർ, സിവിൽ ഏവിയേഷൻ അതോറിറ്റി ഡയറക്ടർ ജനറൽ സൈഫ് മൊഹമ്മദ് അൽ സുവൈദി, ഡി.പി. വേൾഡ് ചെയർമാൻ സുൽത്താൻ അഹമ്മദ് ബിൻ സുലായം തുടങ്ങിയ നിരവധി പ്രമുഖർ സംഘത്തിലുണ്ട്.

വെള്ളിയാഴ്ച മുംബൈയിൽ കോൺഫെഡറേഷൻ ഓഫ് ഇൻഡസ്ട്രിസ് ഒരുക്കുന്ന ചടങ്ങിൽ സംബന്ധിക്കുന്ന സംഘം ശനിയാഴ്ച വർളിയിൽ നടക്കുന്ന മെയ്ക്ക് ഇൻ ഇന്ത്യാ വാരാചരണത്തിൻെറ ഉദ്ഘാടനത്തിലും പങ്കെടുക്കും.

ഇന്ത്യയും യു.എ.ഇ.യും തമ്മിലുള്ള ചരിത്രപരമായ ബന്ധം കൂടുതൽ ഊട്ടിയുറപ്പിക്കാൻ ശൈഖ് മുഹമ്മദ് ബിൻ സായ്ദ് അൽ നഹ്യാൻെറ നേതൃത്വത്തിലുള്ള ഉന്നതതല സംഘത്തിൻെറ സന്ദർശനം കാരണമാകുമെന്ന് എം.എ. യൂസഫലി അഭിപ്രായപ്പെട്ടു.

ഇരുരാജ്യങ്ങൾക്കും ഗുണകരമായ പല കാര്യങ്ങളും ഈസന്ദർശനത്തിലൂടെ സാധിക്കും. മേഖലയിലെ സ്ഥിരതയ്ക്കും സമാധാനത്തിനും പുരോഗതിക്കും വേണ്ടി ഇരുരാജ്യങ്ങൾക്കും കൂടുതൽ നിർണായകമായപങ്ക് വഹിക്കാനുണ്ടെന്നും അദ്ദേഹം പറഞ്ഞു.